# കേരള സർവകലാശാല

നം.പി.ആർ.195/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ലക്ചറർ ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം സംസ്കൃത പഠനവകുപ്പിൽ കരാറടിസ്ഥാനത്തിൽ ലക്ചറർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി നവംബർ 16 വൈകുന്നേരം 5.15 മണി വരെ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

### വെരിഫിക്കേഷൻ സ്റ്റേറ്റ്മെന്റ് സമർപ്പിക്കണം

കേരള സർവകലാശാലയുടെ കീഴിൽ 2016-ൽ പി.ജി. സെമസ്റ്റർ കോഴ്സിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്നതിനായി Statement of PG semester students for initial verification ഫോമിനോടൊപ്പം ഒക്ടോബർ 31-നകം കോളേജ് അധികൃതർ സർവകലാശാല ഓഫീസിൽ സമർപ്പിക്കണം. വെരിഫിക്കേഷൻ സ്റ്റേറ്റ്മെന്റ്, വെബ്സൈറ്റിൽ എക്സാം പോർട്ടലിൽ (www.exams.keralauniversity.ac.in) downloads എന്ന ലിങ്കിൽ ലഭിക്കും.

### എം.എസ്സി വൈവ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂലൈ/ആഗസ്റ്റിൽ നടത്തിയ എം.എസ്സി മാത്തമാറ്റിക്സ് പരീക്ഷയുടെ വൈവ ഒക്ടോബർ 24 മുതൽ നവംബർ എട്ട് വരെ രാവിലെ 10 മണി മുതൽ പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. വിദ്യാർത്ഥികൾ ഹാൾടിക്കറ്റും പ്രോജക്ടിന്റെ ഒരു പകർപ്പും സഹിതം ഹാജരാകണം.

### സമ്പർക്കക്ലാസുകൾ ഇല്ല

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ എല്ലാ കേന്ദ്രങ്ങളിലേയും എല്ലാ കോഴ്സുകളുടെയും സമ്പർക്കക്ലാസുകൾ ഒക്ടോബർ 22-ന് ഉണ്ടായിരിക്കുന്നതല്ല.

### സർട്ടിഫിക്കറ്റ് കോഴ്സ് പരീക്ഷകൾ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ & മെഡിറ്റേഷൻ കോഴ്സിന്റെ പരീക്ഷകൾ നവംബർ എട്ട്, ഒമ്പത് തീയതികളിൽ പി.എം.ജിയിലെ സി.എ.സി.ഇ.ഇ ഓഫീസിൽ നടത്തും. പരീക്ഷാഫീസ് 570/- രൂപ. പരീക്ഷയ്ക്ക് പിഴകൂടാതെ ഒക്ടോബർ 24 (50 രൂപ പിഴയോടെ ഒക്ടോബർ 27, 250 രൂപ പിഴയോടെ നവംബർ രണ്ട്) വരെ. ഫോൺ : 0471-2302523

തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സ് പരീക്ഷകൾ നവംബർ ഒമ്പത് മുതൽ പി.എം.ജിയിലെ സി.എ.സി.ഇ.ഇ ഓഫീസിൽ നടത്തും.

പരീക്ഷാഫീസ് 1170/- രൂപ. പരീക്ഷയ്ക്ക് പിഴകൂടാതെ ഒക്ടോബർ 26 (50 രൂപ പിഴയോടെ നവംബർ ഒന്ന്, 250 രൂപ പിഴയോടെ നവംബർ മൂന്ന്) വരെ. പ്രോജക്ട് സമർപ്പിക്കേണ്ട അവസാന തീയതി നവംബർ മൂന്ന് (100 രൂപ പിഴയോടെ നവംബർ അഞ്ച്). ഫോൺ : 0471-2302523

## ബി.എഡ് ഫലം

കേരള സർവകലാശാല ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എഡ് (റഗുലർ - 2015 സ്കീം) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിന് നവംബർ 11 വരെ അപേക്ഷിക്കാം.

## പ്രൊഫ. പി.എ കുറുപ്പ് അനുസ്മരണ പ്രഭാഷണം നടത്തി

കേരള സർവകലാശാലയിലെ ബയോകെമിസ്ട്രി പഠനവകുപ്പിൽ ദീർഘകാലം വകുപ്പ് മേധാവിയായിരുന്ന പ്രൊഫ. പി. അച്യുതകുറുപ്പിന്റെ അനുസ്മരണ പ്രഭാഷണം ഒക്ടോബർ 20 ഉച്ചയ്ക്ക് 2.30-ന് കാര്യവട്ടം ബയോകെമിസ്ട്രി വിഭാഗം സെമിനാർ ഹാളിൽ മുൻ വൈസ് ചാൻസലർ ഡോ. ബി. ഇക്ബാൽ ഉദ്ഘാടനം ചെയ്തു. യൂണിവേഴ്സിറ്റി ഓഫ് സെൻട്രൽ ഫ്ളോറിഡ ഡീൻ ഡോ. സമ്പത്ത് പാർത്ഥസാരഥി മുഖ്യപ്രഭാഷണം നടത്തി. ബയോകെമിസ്ട്രി വിഭാഗവും ബയോകെമിസ്ട്രി പൂർവ്വ വിദ്യാർത്ഥികളും സംയുക്തമായാണ് ഈ പ്രഭാഷണം സംഘടിപ്പിച്ചത്.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
20.10.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ